JAGRATHA 081

Vol-3, N0:7
29-01- 2009

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

01. മദർ തെരേസയുടെ സന്ദേശം നാം ഉൾക്കൊള്ളണം : ഡോ. സ്റ്റാൻലി റോമൻ

02. മതമില്ലാത്ത ജീവനുകളെ സൃഷ്ടിക്കുന്നവർക്ക് തിരിച്ചടി നൽകണം : മാർ പവ്വത്തിൽ

03. കെസിബിസി പ്രോ-ലൈഫ് സമിതി പ്രതിഷേധ റാലി നടത്തി

04. സർക്കാർ മദ്യനയം തിരുത്തണം : ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ

05. ക്രൈസ്തവർക്ക് നിയമമുണ്ടാക്കുമ്പോൾ വിശ്വാസം കണക്കിലെടുക്കണം : മാർ മൂലക്കാട്ട്

06. ഗ്രാമങ്ങളുടെ ഉദ്ധാരണം സ്ത്രീകളിലൂടെ : മാർ ദിവന്നാസിയോസ്

07. ദൈവവചന സാക്ഷാത്കാരത്തിന്റെ വേദികളാണ് കലകൾ : ബിഷപ് പഴയാറ്റിൽ

08. മനുഷ്യജീവിതത്തിൽ പരിവർത്തനം വരുത്താൻ പ്രാർത്ഥനയ്ക്കു കഴിയും : മാർ മനത്തോടത്ത്

09. കുടുംബഭദ്രത സാമൂഹ്യഭദ്രതയ്ക്ക് അനിവാര്യം : മാർ പെരുന്തോട്ടം

10. മദ്യപാനം നാടിന്റെ വിപത്ത് : ബിഷപ് ഡോ. കളത്തിപറമ്പിൽ

### 01. മദർ തെരേസയുടെ സന്ദേശം നാം ഉൾക്കൊള്ളണം: ഡോ.സ്റ്റാൻലി റോമൻ (23-1-2009)

ഭൂമിയിൽ ദുഃഖിതരും പീഡിതരുമായ അനേകരുടെ മുഖത്ത് ദൈവത്തിന്റെ മുഖം കണ്ടെത്താനാവണമെന്ന മദർ തെരേസയുടെ സന്ദേശം നാം ഉൾക്കൊള്ളണമെന്ന് ബിഷപ് ഡോ.സ്റ്റാൻലി റോമൻ. കൊട്ടിയം മൈലക്കാട് മദർ തെരേസയുടെ ആദ്യ കുരിശടി ആശീർവദിച്ച് തുറന്നുകൊടുത്തശേഷം നടന്ന സർവമത സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഓരോ വ്യക്തിയിലും ഓരോ പ്രവർത്തിയിലും യേശുവിനെ കാണാനാവണമെന്നും മദർ തെരേസയുടെ സഹനവും ലളിത ജീവിതവും ത്യാഗമനോഭാവവും യേശുവിന്റെ നന്മയുടെ വഴിയിൽ നിന്ന് സ്വീകരിച്ചതാണെന്നും ബിഷപ് പറഞ്ഞു.

### 02. മതമില്ലാത്ത ജീവനുകളെ സൃഷ്ടിക്കുന്നവർക്ക് തിരിച്ചടി നൽകണം: മാർ പവ്വത്തിൽ (25--1-2009)

മതമില്ലാത്ത ജീവൻ സൃഷ്ടിക്കുന്നതിനായി ബോധപൂർവം ശ്രമിക്കുന്ന ശക്തികൾക്ക് തിരിച്ചടി നൽകേണ്ട സമയം അതിക്രമിച്ചിരിക്കുകയാണെന്ന് മാർ ജോസഫ് പവ്വത്തിൽ. കടമനിട്ട സെന്റ് ജോൺസ് കത്തോലിക്കാ പള്ളിയുടെ പ്ലാറ്റിനം ജൂബിലി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവനിഷേധം ബോധപൂർവം മനുഷ്യമനസിൽ കുത്തിനിറയ്ക്കാനാണ് ചിലർ ശ്രമിക്കുന്നത്. ധാർമികത നഷ്ടപ്പെടുന്ന സമൂഹത്തിൽ സത്യസന്ധത പുലർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. സമൂഹത്തിൽ നന്മയും, തിന്മയും തമ്മിലുള്ള പോരാട്ടമാണ് നടക്കുന്നത്. ക്രൈസ്തവർ നന്മയ്ക്കുവേണ്ടി പോരാടുന്ന പടയാളികളാണ്. മൂല്യച്യുതിക്കെതിരെ കടുത്ത നിലപാട് സ്വീകരിക്കണം.

ഉപഭോഗത്തോടുള്ള അത്യാർത്തി ധാർമികത നഷ്ടപ്പെടുത്തുന്നതായും മാർ പവ്വത്തിൽ കൂട്ടിച്ചേർത്തു. വർധിച്ചുവരുന്ന നിഷേധാത്മകമായ സമീപനങ്ങൾക്കെതിരെ പോരാടാൻ ദൈവസഹായം ആവശ്യമാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ പറഞ്ഞു. ദൈവീക മൂല്യങ്ങളെ എതിർക്കുന്നവരായാലും അവരെ തിരിച്ചറിയാൻ ഉള്ള ഇച്ഛാശക്തി നമുക്കുണ്ടാവണം. ദൈവത്തിന്റെ നിയോഗത്തിലേക്കു അതിർത്തികളില്ലെന്നും അദ്ദേഹം പറഞ്ഞു.

### 03. കെസിബിസി പ്രോ-ലൈഫ് സമിതി പ്രതിഷേധ റാലി നടത്തി (28-1-2009)

മനുഷ്യന്റെ ജീവനും മഹത്വവും അവകാശങ്ങളും നിഷേധിക്കുന്ന തരത്തിൽ ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്കരണ സമിതി നൽകിയ ശിപാർശകൾ തള്ളിക്കളയണം എന്നാവശ്യപ്പെട്ട് കെസിബിസി ഫാമിലി കമ്മീഷന്റെ കീഴിലുള്ള അഖില കേരളാ പ്രോ-ലൈഫ് സമിതി കൊച്ചിയിൽ പ്രതിഷേധ റാലിയും സമ്മേളനവും നടത്തി. ദയാവധം നിയമവിധേയമാക്കുക, ആത്മഹത്യ കുറ്റകരമല്ലാതാക്കുക, രണ്ടിൽ കൂടുതൽ കുട്ടികൾ പാടില്ല, വിവാഹ ഉടമ്പടികളുടെ ആധ്യാത്മിക ചൈതന്യം നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള ഭേദഗതി എന്നിവക്കെല്ലാമുള്ള നിർദേശങ്ങൾ ശിപാർശയിലുണ്ട്. ഇവ തികച്ചും അപകടകരവും സ്വേച്ഛാപരവും മരണ സംസ്കാരത്തിനു വഴിയൊരുക്കുന്നതുമാണെന്ന് പ്രോ-ലൈഫ് സമിതി പ്രസിഡന്റ് റവ.ഡോ. ജോസ് കോട്ടയിൽ പറഞ്ഞു. നൂറ്റാണ്ടുകളായി ഭാരതസംസ്കാരം പവിത്രമെന്ന് കരുതിപ്പോരുന്ന പല മൂല്യങ്ങളും നഷ്ടപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമത്തിന്റെ ഭാഗമായാണ് പുതിയ നിയമ നിർദേശങ്ങൾ. സംസ്ഥാനതലത്തിൽ പ്രതീകാത്മകമായി നടത്തിയ റാലിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പ്രോ-ലൈഫ് സമിതി പ്രവർത്തകർ, ആറിൽ കൂടുതൽ കുട്ടികളുള്ള കുടുംബങ്ങൾ, വികലാംഗർ, വൃദ്ധർ തുടങ്ങിയവർ പങ്കെടുത്തു. നിയമ നിർദേശങ്ങൾ സർക്കാരിന് സമർപ്പിച്ച അതേദിവസം അതേസമയത്ത് തന്നെ ഹൈക്കോടതി ജംഗ്ഷനിൽ നടത്തിയ പ്രതിഷേധ സമ്മേളനം ഏബ്രഹാം പുത്തൻകുളം ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോസ് കോട്ടയിൽ പ്രസംഗിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും പ്രതിഷേധ റാലികളും സമ്മേളനങ്ങളും നടത്തിയതായി പ്രോ-ലൈഫ് സമിതി വ്യക്തമാക്കി.

### 04. സർക്കാർ മദ്യനയം തിരുത്തണം: ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ (22-1-2009)

മദ്യാസക്തരെ സൃഷ്ടിക്കുന്ന മദ്യനയം സംസ്ഥാന സർക്കാർ തിരുത്തണമെന്ന് കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന ചെയർമാൻ വിജയപുരം ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ ആവശ്യപ്പെട്ടു. മദ്യം നൽകി ജനത്തെ കൊല്ലുന്ന കൊലപാതക നയമാണിവിടെ നടപ്പിലാക്കുന്നത്. കേരളത്തിൽ വളരുന്ന ഏക വ്യവസായം മദ്യവ്യവസായമായി മാറിയിട്ടുണ്ടെന്നും അദേഹം തുടർന്ന് പറഞ്ഞു. കലൂർ റിന്യൂവൽ സെന്ററിൽ നടന്ന കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം. കേരളത്തെ അലസതയുടെ കുടിച്ചു കിടപ്പ് സംസ്കാരത്തിലേക്കാണ് സർക്കാർ നയിക്കുന്നതെന്നും ബിഷപ് തുടർന്ന് പറഞ്ഞു. .മദ്യ ഷാപ്പുകൾ വേണ്ടെന്ന് വയ്ക്കാൻ അധികാരം നൽകുന്ന പഞ്ചായത്ത് രാജ് – നഗരപാലിക ബില്ലിലെ 232, 447 വകുപ്പുകൾ പുനസ്ഥാപിക്കണമെന്ന് സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ആവശ്യപ്പെട്ടു. ഫാ.തോമസ് തൈത്തോട്ടമാണ് ഇതു സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചത്.

### 05. ക്രൈസ്തവർക്ക് നിയമമുണ്ടാക്കുമ്പോൾ വിശ്വാസം കണക്കിലെടുക്കണം: മാർ മൂലക്കാട്ട്

കേരളത്തിലെ ക്രൈസ്തവർക്ക് വേണ്ടി നിയമമുണ്ടാക്കുമ്പോൾ വിശ്വാസങ്ങളെയും ജീവിത രീതികളെയും സഭയുടെ പ്രബോധനങ്ങളെയും കൂടി കണക്കിലെടുക്കണമെന്നു

കോട്ടയം അതിരൂപതാ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട്. നിയമ പരിഷ്ക്കരണ സമിതി തയാറാക്കിയ ശിപാർശകളിൽപ്പെടുന്ന ക്രിസ്ത്യൻ മാര്യേജ് ബിൽ, ദത്തെടുക്കൽ ബിൽ എന്നിവയെക്കുറിച്ചുള്ള ചർച്ച പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപ ക്ഷങ്ങളുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും മനസിലാക്കാതെയുള്ള നിയമ നിർമാണം അപകടകരമാണ്. ബില്ലുകളുടെ ആവശ്യകതയെ സഭ ചോദ്യം ചെയ്യുകയല്ല. എന്നാൽ അതിൽ അപര്യാപ്തതകൾ ഉണ്ടെങ്കിൽ അതു ചൂണ്ടിക്കാട്ടുകയും തിരുത്താൻ സാഹചര്യമൊരുക്കുകയുമാണ് സഭ ചെയ്യുന്നത്. മൗലീകാവകാശത്തെ ഹനിക്കുന്ന തരത്തിലുള്ള സാഹചര്യങ്ങൾ അംഗീകരിക്കാനാവില്ല- അദ്ദേഹം കൂട്ടിച്ചേർത്തു.

### 06. ഗ്രാമങ്ങളുടെ ഉദ്ധാരണം സ്ത്രീകളിലൂടെ: മാർ ദിവന്നാസിയോസ് (23-1-2009)

ഗ്രാമങ്ങളുടെ ഉദ്ധാരണം നടക്കണമെങ്കിൽ സ്ത്രീസമൂഹം മുന്നിട്ടിറങ്ങണമെന്ന് ബത്തേരി രൂപതാ ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസ്. ശ്രേയസിൽ ആരംഭിച്ച ഗ്രാമശ്രീമേളയിൽ അധ്യക്ഷത വഹിച്ച് പ്രസംഗിക്കുകയായിരുന്നു ബിഷപ്. ജഗദീശ്വരൻ മനുഷ്യനെ സൃഷ്ടിച്ചത് അവന് വഴിപ്പെട്ട് ജീവിക്കാൻവേണ്ടിയാണ്.എന്നാൽ ആധുനിക യുഗത്തിലെ മനുഷ്യൻ ജീവിക്കുന്നത് അസ്വഭാവികതയിലാണ്. മനുഷ്യൻ ജീവിക്കാൻ ആവശ്യമായ എല്ലാവിധ സൗകര്യങ്ങളും ഭൂമി മണ്ഡലത്തിൽ ജഗദീശ്വരൻ ഒരുക്കിയിട്ടുണ്ട്. എന്നാൽ ആധുനിക യുഗത്തിലെ മനുഷ്യനാകട്ടെ ഇവയെല്ലാം ത്യജിച്ച് വിഷലിബ്ധമായ ഭക്ഷ്യധാന്യങ്ങൾ ഭക്ഷിച്ചും ഫാഷൻ യുഗം തെരഞ്ഞെടുത്തുമാണ് മുന്നോട്ട് പോകുന്നത്. ഇതിന് ഉദാഹകരണമാണ് ശുദ്ധമായ ഇളനീർ ഒഴിവാക്കി വിഷലിബ്ധമായ കൊക്കക്കോളയുടെ പിന്നാലെ പോകുന്നതെന്ന് ബിഷപ് പറഞ്ഞു. ഈ ഘട്ടത്തിൽ ഗ്രാമങ്ങളിൽ ശുദ്ധമായ ധാന്യങ്ങൾ വിളയിക്കാനും അതുവഴി ഗ്രാമങ്ങളുടെ ഭക്ഷ്യസ്രോതസ് നിലനിർത്താനുമുള്ള പങ്ക് നിസീമമാണെന്ന് ബിഷപ്പ് കൂട്ടിച്ചേർത്തു. ശ്രേയസിന്റെ വിവിധ മേഖലകളിൽ നിന്നായി 38 കുടുംബശ്രീ സ്റ്റാളുകൾ മേളയിൽ ഒരുക്കിയിട്ടുണ്ട്. പുൽപ്പള്ളി കൃപ സംഘം സ്റ്റാളിൽ അന്യമായിക്കൊണ്ടിരിക്കുന്ന വാട്ടുകപ്പ, മധുരച്ചേമ്പ്, ചെറുകിഴങ്ങ് എന്നിവ ഒരുക്കിയപ്പോൾ മൺപാത്രം, കീടനാശിനി ഉപയോഗിക്കാത്ത പച്ചക്കറി എന്നിവയും വിവിധ സ്റ്റാളുകളിൽ ഒരുക്കിയിട്ടുണ്ട്.

### 07. ദൈവവചന സാക്ഷാത്കാരത്തിന്റെ വേദികളാണ് കലകളെന്ന് ബിഷപ് പഴയാറ്റിൽ (22-1-2009)

ദൈവവചന സാക്ഷാത്കാരത്തിന്റെ വേദികളാണ് കലകളെന്ന് ബിഷപ് മാർ ജെയിംസ് പഴയാറ്റിൽ. വിദ്യാജ്യോതിയിൽ മതബോധന വിദ്യാർഥികൾക്കായി സംഘടിപ്പിച്ച മത്സരങ്ങളുടെ സമ്മാനദാനം നിർവഹിച്ച് പ്രസംഗിക്കുകയായിരുന്നു ബിഷപ്. ദൈവവിശ്വാസം പ്രകടിപ്പിക്കുന്നതിനുള്ള വേദികളാണ് കലാരൂപങ്ങൾ. മത്സരങ്ങളിലൂടെ ഇവ പ്രോത്സാഹിപ്പിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദൈവവചനത്തെ കൂടുതൽ അടുത്തറിയുവാനും സ്നേഹിക്കുവാനും വിദ്യാർഥികളിൽ കലാമത്സരങ്ങൾ ഏറെ പ്രചോദനമായിട്ടുണ്ടെന്ന് ബിഷപ് കൂട്ടിച്ചേർത്തു.

### 08. മനുഷ്യജീവിതത്തിൽ പരിവർത്തനം വരുത്താൻ പ്രാർത്ഥനയ്ക്കു കഴിയും: മാർ മനത്തോടത്ത്

മനുഷ്യജീവിതത്തിൽ പരിവർത്തനം വരുത്താൻ പ്രാർത്ഥനയിലൂടെ മാത്രമേ കഴിയൂ എന്ന് പാലക്കാട് രൂപത ബിഷപ് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. മുണ്ടൂർ സീനായ് ധ്യാനകേന്ദ്രത്തിൽ നടന്നുവന്ന സീനായ് ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നല്കുകയായിരുന്നു ബിഷപ്.

പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള ശക്തി നമുക്ക് ലഭിക്കുന്നത് പ്രാർത്ഥനയിലൂടെയാണ്. കൺവെൻഷനുകളിലൂടെയും ധ്യാനങ്ങളിലൂടെയും ലഭിക്കുന്ന ചൈതന്യം നിലനിർത്താൻ പ്രാർത്ഥനയിലൂടെ കഴിയും. കുറച്ചുകൂടി ദൃഢമായ തീരുമാനങ്ങൾ എടുക്കുവാനും കൂടുതൽ മെച്ചപ്പെട്ട ജീവിതം നയിക്കുവാനും ഇത്തരം കൺവെൻഷനുകൾ സഹായകമാകണം. വചനത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞ് അത് പങ്കുവെയ്ക്കാൻ ക്രൈസ്തവർക്ക് കഴിയണം. വിശ്വാസ്യതയുള്ള സാക്ഷ്യമാണ് ക്രൈസ്തവർ നല്കേണ്ടത് ബിഷപ് പറഞ്ഞു. കൺവെൻഷൻ ദിവസങ്ങളിൽ വിശുദ്ധ പാദ്രേ പിയോയുടെ തിരുശേഷിപ്പും ധ്യാനകേന്ദ്രത്തിൽ എഴുന്നള്ളിച്ചിരുന്നു. വിടുതൽ ശുശ്രൂഷ, പരീക്ഷാ പ്രാർത്ഥന എന്നിവയും കൺവെൻഷനോടനുബന്ധിച്ച് നടന്നു.

**09. കുടുംബഭദ്രത സാമൂഹ്യഭദ്രതയ്ക്ക് അനിവാര്യം: മാർ പെരുന്തോട്ടം** (28-1-2009)

വൈവാഹിക കുടുംബഭദ്രത സാമൂഹ്യഭദ്രതയ്ക്ക് അനിവാര്യമാണെന്നു മാർ ജോസഫ് പെരുന്തോട്ടം. തുരുത്തി കാനാ അന്തർദേശീയ കുടുംബവിജ്ഞാനീയകേന്ദ്രത്തിൽ കുടുംബജീവിതത്തിന്റെ മാനസിക-ആത്മീയ മാനങ്ങൾ എന്ന വിഷയത്തിൽ രണ്ടു ദിവസം നീണ്ടുനിന്ന പത്താം അന്തർദേശീയ സിംബോസിയം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. ക്രൈസ്തവ വെളിപാടിൽ കുടുംബത്തിന്റെ ഉത്ഭവം ദൈവത്തി ൽനിന്നാണെന്നും യേശുവിന്റെ പ്രബോധനത്തിൽ വൈവാഹിക ബന്ധത്തിന്റെ സ്ഥിരത അനിഷേധ്യമാണ്. സഭാ പ്രബോധനങ്ങളി ൽ ഗാർഹികസഭ എന്നു വിളിക്കുന്ന കുടുംബത്തിൽ കുഞ്ഞുങ്ങളുടെ വളർച്ചയും സംരക്ഷണവും മാതാപിതാക്കളുടെ നിരന്തരമായ ശ്രദ്ധയും ജാഗ്രതയും അർഹിക്കുന്നുവെന്നും മാർ പെരുന്തോട്ടം പറഞ്ഞു കോട്ടയം മെഡിക്കൽകോളജ് സൈക്കാട്രിക് വിഭാഗം തലവനും ഇന്ത്യൻ സോഷ്യൽ സൈക്കാട്രി അസോസിയേഷൻ അധ്യക്ഷനുമായ ഡോ. റോയി ഏബ്രഹാം കള്ളിവയലിൽ മുഖ്യപ്രഭാഷണം നടത്തി. മാറിവരുന്ന കുടുംബസാഹചര്യങ്ങളിൽ കുട്ടികളുടെ ആഗ്രഹങ്ങളെല്ലാം സാധിച്ചുകൊടുക്കുന്ന മാതാപിതാക്കളുടെ മനോഭാവമാണ് പ്രതിസന്ധികളിൽ കുഞ്ഞുങ്ങൾക്കു തളരുന്ന സ്വഭാവം സംജാതമാക്കുന്നതെന്നും വർധിച്ചുവരുന്ന ആത്മഹത്യകൾക്കും മനോവൈകല്യങ്ങൾക്കും രോഗങ്ങൾക്കും ഇതു കാരണമാകുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**10. മദ്യപാനം നാടിന്റെ വിപത്ത്: ബിഷപ് ഡോ. കളത്തിപറമ്പിൽ** (28-1-2009)

കുടുംബ സമാധാനം നശിപ്പിക്കുകയും സമൂഹത്തെ അധോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്ന വീടിനും നാടിനും വിപത്തായ മദ്യപാനത്തിൽനിന്ന് നാടിനെ രക്ഷിക്കാൻ ഉണർന്ന് പ്രവർ ത്തിക്കണമെന്ന് കോഴിക്കോട് രൂപതാ ബിഷപ് ഡോ. ജോസഫ് കളത്തിപറമ്പിൽ കോഴിക്കോട് രൂപത കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി സംഘടിപ്പിച്ച മദ്യ വിമുക്ത സഭയും സമൂഹവും എന്ന സെമിനാർ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഡോ. തോമസ് പനക്കൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.വിവിധ വിദേശ രാഷ്ട്രങ്ങളിലെ അനുഭവങ്ങൾ പങ്കുവച്ച് സഭയ്ക്കകത്തുതന്നെ മദ്യത്തിനെതിരെ കൂടുതൽ ബോധവൽക്കരണം നടത്താൻ വികാരി ജനറാൾ മോൺ. വിൻസെന്റ് അറയ്ക്കൽ നിർദേശിച്ചു.